DESPATCHED
7/3/22

3/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1977(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: **16919/SIC-G4/2021**)

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 3**

Dr. Remya K.P.
Sopanam,
TRWA (A) 42, Mele Thampanoor,
Sreemoolam Lane,
Thiruvananthapuram – 695 001.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574.

2) അപ്പീൽ അധികാരി & രജിസ്ട്രാർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 02/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ഡോ. രമ്യ കെ.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് 23.3.2021–ന് സമർപ്പിച്ച അപേക്ഷയ്ക്ക് നാല് മാസം കഴിഞ്ഞാണ് മറുപടി നൽകിയതെന്നും റാങ്ക് ലിസ്റ്റിൽ

ഉൾപ്പെട്ട ആളായിരുന്നിട്ടും ടിയാളുടെ അപേക്ഷയിലെ 5-ാം ചോദ്യത്തിന് മൂന്നാം കക്ഷി വിവരമായതിനാൽ ഉത്തരം നൽകാൻ സാധിക്കില്ല എന്നാണ് മറുപടി നൽകിയതെന്നും സർവ്വകലാശാലക്കെതിരെ ടിയാൾ നൽകിയിട്ടുള്ള കേസിന് സമർപ്പിക്കാനുള്ള രേഖകളാണ് ആവശ്യപ്പെട്ടിരുന്നത് എന്നതിനാൽ ടി രേഖകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്ത് തെറ്റായ മറുപടി കാലതാമസം വരുത്തി നൽകിയ അധികാരികൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 23.3.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) ഒരു യൂണിവേഴ്സിറ്റിയിലെ തന്നെ രണ്ട് വിഭാഗങ്ങളെ അലൈഡ് ആയി പരിഗണിക്കാമോ എന്നും
2) രണ്ട് വിഷയങ്ങൾ അലൈഡ് ആയി പരിഗണിക്കുമ്പോൾ, ആ വിഷയങ്ങളുടെ വിഭാഗാധ്യക്ഷന്മാർ അറിയാതെയും, അക്കാഡമിക് കൗൺസിൽ തീരുമാനിക്കുകയും ചെയ്യാതെ അലൈഡ് വിഷയങ്ങളായി പരിഗണിക്കാമോ എന്നും
3) അലൈഡ് വിഷയങ്ങൾ തീരുമാനിക്കാനുള്ള അധികാരം അക്കാഡമിക് വിംഗിനാണോ അതോ അഡ്മിനിസ്ട്രേറ്റീവ് വിംഗിനാണോ എന്നും
4) അലൈഡ് വിഷയങ്ങൾ തീരുമാനിക്കാനുള്ള അധികാരം ആർക്കൊക്കെയാണെന്നും ആ കമ്മറ്റിയിൽ ആരൊക്കെ ഉൾപ്പെട്ടിരിക്കണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.7.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരി 08.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാളുടെ അപേക്ഷയിലെ 5-ാം ചോദ്യത്തിന് മറുപടി ലഭ്യമാക്കണമെന്നും 1ഉം 4ഉം ഇനങ്ങൾക്ക് ലഭിച്ച മറുപടിയും വ്യത്യസ്തമാണെന്നും ആയതിനാൽ പൂർണ്ണമായ ഉത്തരം ലഭ്യമാക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 7.12.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഡോ. രമ്യ കെ.വി. 23.3.2021 തീയതി രേഖപ്പെടുത്തിയ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ 25.5.2021-ൽ എസ്.പി.ഐ.ഒ.യ്ക്ക് ലഭിക്കുകയും ആയതിന് 27.7.2021 പ്രകാരവും 10.9.2021-ന് ലഭിച്ച അപ്പീൽ അപേക്ഷയ്ക്ക് 7.12.2021 പ്രകാരവും പൂർണ്ണമായ മറുപടി നൽകിയിട്ടുണ്ടെന്നും വിവരാവകാശ അപേക്ഷയിലെ ചോദ്യം 5-ൽ സൂചിപ്പിച്ച സംസ്കൃതം (ജനറൽ)

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ അപേക്ഷകരുടെ യോഗ്യത പരിശോധിക്കുകയും ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്ത സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്ന വിഷയത്തിൽ ടി റിപ്പോർട്ടിൽ എല്ലാ ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാലാണ് മൂന്നാം കക്ഷി വിവരമായി കണക്കാക്കിയതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി 7 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 5-ാം ഇനത്തിന് നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടും കാലതാമസം വരുത്തി മറുപടി ലഭ്യമാക്കിയതിലുള്ള ആക്ഷേപം ഉന്നയിച്ചു കൊണ്ടുമാണ് കമ്മീഷനിൽ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. അപേക്ഷയിലെ 5-ാം ഇനത്തിൽ സംസ്കൃതം (ജനറൽ) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ അപേക്ഷകരുടെ യോഗ്യത പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പാണ് ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ടി റിപ്പോർട്ടിൽ എല്ലാ ഉദ്യോഗാർത്ഥികളുടെയും വിവരങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാലാണ് മൂന്നാം കക്ഷി വിവരമായി കണക്കാക്കി മറുപടി നൽകാൻ സാധ്യമല്ല എന്ന മറുപടി നൽകിയത് എന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സീൽഡ് കവറിൽ ഒന്നാം എതിർകക്ഷി 15.3.2022-നകം കമ്മീഷനിൽ (ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ഓഫീസിൽ) ലഭ്യമാക്കേണ്ടതും ആയത് പരിശോധിച്ചതിന് ശേഷം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് കമ്മീഷൻ നിർദ്ദേശം നൽകുന്നതുമാണ്.

6. ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം 23.3.2021-ന് നൽകിയ അപേക്ഷയ്ക്ക് 27.7.2021-നാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നത്. സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. അതുപോലെതന്നെ 8.9.2021-ലെ ഒന്നാം അപ്പീൽ 7.12.2021-നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളത്. മാത്രമല്ല ടി അപ്പീൽ തീർപ്പിൽ അപ്പീലധികാരിയുടെ വിലാസമോ, അപ്പീൽ കാലാവധിയോ രേഖപ്പെടുത്താതെയുമാണ് മറുപടി നൽകിയിട്ടുള്ളത്. സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തതും അപൂർണ്ണമായ മറുപടി നൽകിയിട്ടുള്ളതും വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾ സംബന്ധിച്ച വിശദീകരണം എതിർകക്ഷകിൾ 20.3.2022-നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ്

RIGHT TO INFORMATION

പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുന്നാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാളുകളുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി